# GLPS COTTONHILL

Vazhuthacaud Thiruvananthapuram. Ph: 2721971
Email: cottonhilllps@gmail.com

## അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-2026

# ഉണർവ് 2025



# ഉണർവ് 2025

## അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025 - 2026



# മുഖമൊഴി

ഏഷ്യയിലെ തന്നെ ഏറ്റവും വലിയ പെൺപള്ളിക്കൂടം എന്നറി യപ്പെടുന്ന നമ്മുടെ വിദ്യാലയം കേരളത്തിലെ പൊതു വിദ്യാഭ്യാസ മേഖല യിൽ എക്കാലത്തേയും മികച്ച മാതൃകയാണ്.

കേട്ടൺഹിൽ ഹൈസ്കൂളിനോട് ചേർന്ന് ഒരു പ്രത്യേക യൂണിറ്റായിട്ടാണ് കോട്ടൺഹിൽ എൽ.പി.എസ് പ്രവർത്തിക്കുന്നത്. എല്ലാക്കാ ലത്തും നമ്മുടെ ശരാശരി കുട്ടികളുടെ എണ്ണം ആയിരത്തിനടുത്താണ്. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുടെ മികവിന്റെ കേന്ദ്രമായി നമ്മുടെ വിദ്യാലയം തുടരുന്നു.

എഴുപത്തിയഞ്ച് വർഷത്തിലധികം പിന്നിട്ട നമ്മുടെ വിദ്യാലയത്തിന്റെ ചരിത്രം കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയുടെ ചരിത്രം കൂടി യാണ്. സമൂഹത്തിന്റെ നാനാതുറകളിൽപ്പെട്ടവരെ സ്വീകരിച്ച് തന്റേതാക്കി മാറ്റി സമൂഹത്തിന് സമർപ്പിച്ച വിദ്യാലയമാണ്. നമ്മുടേത്. പ്രശസ്തരും പ്രഗത്ഭരുമായ നിരവധി പ്രതിഭകൾ നമ്മുടെ വിദ്യാലയത്തിന്റെ സൃഷ്ടികളാണ്.

ചീഫ് സെക്രട്ടറി, പോലീസ് മേധാവി, തുടങ്ങി ഔദ്യോഗിക രംഗത്തും സാംസ്കാരിക കലാകായിക രംഗങ്ങളിലും മുഖമുദ്രയായവർ കോട്ടൺഹില്ലിന്റെ ചരിത്രത്തോടൊപ്പമുണ്ട്.

# അവസ്ഥാപഠനം

സ്ഥലപരിമിതി ഒരു പ്രധാന വെല്ലുവിളിയായി നമ്മുടെ മുൻപിൽ ഉണ്ടെങ്കിലും ആധുനിക പഠന രീതികൾക്ക് അനുസൃതമായ രീതിയിൽ സജ്ജീകരിച്ച സ്മാർട്ട് ക്ലാസ്റൂമു കൾ, ഇൻഡോർ, ഔട്ട്ഡോർ ഓഡിറ്റോറിയങ്ങൾ, കമ്പ്യൂട്ടർ റൂം.

ഈ- ക്യൂബ് ലാംഗ്വേജ് . ലാബ് ലൈബ്രറി, എ. സി ഡൈനിംഗ് ഹാൾ, സോളാർ പാനൽ, സ്റ്റീം കിച്ചൺ, ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റുകൾ അഞ്ചോളം ബസ്സു കൾ എന്നിവ സ്കൂളിന്റെ പ്രത്യേകതയാണ്. ശുദ്ധജല ലഭ്യതയ്ക്കായ് ഓരോ ബ്ലോക്കിലും വാട്ടർ പ്യൂരിഫയേഴ്സ്, ഭക്ഷണം വിതരണം ചെയ്യുന്നതിനും ഇരുന്ന് കഴിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ എന്നിവയും ഉണ്ട്. പ്രഥ മാധ്യപകൻ ഉൾപ്പെടെ 23 അധ്യാപകരും 20ൽ പരം അനധ്യാപകരും ശക്തമായ പി.ടി.എ. എസ്.എം.സി. എം.പി.ടി.എ കമ്മറ്റികളും സ്കൂളിലെ വിവിധരംഗങ്ങ ളിലെ സുഗമമായ പ്രവർത്തനങ്ങൾക്ക് മാതൃകാപരമായ രീതിയിൽ പ്രവർത്തന ങ്ങൾ കാഴ്ചവയ്ക്കുന്നു.

# പാഠ്യേതര രംഗത്ത്

തിരു. സൗത്ത് സബ് ജില്ലാ ശാസ്ത്രോത്സവത്തിൽ, കഴിഞ്ഞ കാലങ്ങളിൽ തന്റേതായ വ്യക്തിമുദ്രപതിപ്പിച്ച് മറ്റ് പൊതു വിദ്യാലയങ്ങൾക്ക് മാതൃകയാകാൻ നമ്മുടെ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. കോവിഡ് കാലത്ത് കൂടെയുണ്ട് കോട്ടൺഹിൽ എന്ന ആശയം മുൻനിർത്തി വിദ്യാലയത്തെ സമൂഹവുമായി ബന്ധിപ്പിച്ച് കൊണ്ട് വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ (കമ്മ്യൂണിറ്റി കിച്ചൺ, പാഠപുസ്തകം വീടുകളിലേക്ക്, കുടുംബത്തെ ദത്തെടുക്കൽ) നമ്മുടെ സ്കൂൾ കാഴ്ച്ചവെച്ചു. പൊതുജനശ്രദ്ധ നേടുകയുണ്ടായി. സ്കൂളിനെ സമൂഹവുമായി ബന്ധപ്പെടുത്താൻ ഈ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു. തിരു. കോർപ്പറേഷൻ നിയന്ത്രണത്തിലുള്ള സ്കൂളിന് ഏകീകൃത സംവിധാനത്തിൻ കീഴിൽ ഉള്ള എല്ലാ ഉറവിടങ്ങളിൽ നിന്നും സഹായ സഹകരണങ്ങൾ ലഭ്യമാകുന്നു. കോർപ്പറേഷൻ, ജനപ്രതിനിധികൾ, വിദ്യാഭ്യാസ വകുപ്പ്, യു. ആർ. സി. എസ്. എം. സി. പി. ടി. എ. എം. പി. ടി. എ സ്കൂൾ കൗൺസിൽ രക്ഷിതാക്കൾ എന്നിവരിൽ നിന്നും സ്വാംശീ കരിക്കുന്ന നിർദ്ദേശങ്ങളും സഹായങ്ങളും ഉൾപ്പെടുത്തി പാഠ്യപാഠ്യേതര വിദ്യാലയ പ്രവർത്തനങ്ങൾ നടത്തി മാതൃക വിദ്യാലയമായി മാറ്റുന്ന കാലഘട്ട ത്തിലാണ് ഈ അക്കാദമിക മാസ്റ്റർപ്ലാനിന്റെ സമർപ്പണം.

# പഠനാന്തരീക്ഷം

സ്ഥല പരിമിതി ഒരു പ്രശ്നമായി നിലനിൽക്കുന്നുണ്ടെങ്കിലും ആകർഷമായ സ്കൂൾ പരിസരവും എല്ലാ വിധത്തിലുള്ള പ്രത്യേകിച്ച് ICT സാധ്യതകൾ പ്രയോജനപ്പെടുത്താൻ തക്കവണ്ണമുള്ള ക്ലാസ്റൂമുകളും ലൈബ്രറിയും കമ്പ്യൂട്ടർ ലാബുകളും വ്യത്യസ്തമായതും മികവാർന്നതു മായ പാഠ്യേതര പ്രവർത്തനങ്ങളും കുട്ടികൾക്ക് നല്ല പഠനാന്തരീക്ഷം നൽകുന്നു.

# അധ്യാപകർ

കാലാനുസൃതമായ മാറ്റങ്ങൾ ഉൾകൊണ്ടുകൊണ്ട് സാങ്കേതിക വിദ്യകളുടെ സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ടുള്ളതുമായ പഠനരീ തികളാണ് അധ്യാപകർ കൈക്കൊണ്ടിരിക്കുന്നത്. ശിശുസൗഹൃദ സമീപ നവും സ്വാതന്ത്രവും നിർദയവുമായ ക്ലാസ് അന്തരീക്ഷവുമാണ് കുട്ടികൾക്ക് ലഭ്യമാകുന്നത്. ആവശ്യമായ പ്രാദേശിക വിഭവങ്ങൾ ഉൾപ്പെടുത്തിയും ദൈനംദിന സമഗ്രാസൂത്രണം ചെയ്തുകൊണ്ടുള്ള തുമായ പഠനരീതികളാണ് അവലംബിച്ചിരിക്കുന്നത്. മികച്ച അധ്യാപക രക്ഷാകർത്യ ബന്ധം കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു.

# പ്രശ്നങ്ങൾ വെല്ലുവിളികൾ

ആയിരത്തിനടുത്ത് കുട്ടികൾ പഠിക്കുന്ന നമ്മുടെ വിദ്യാലയത്തിന് സ്ഥല പരിമിതിയാണ് ഏറ്റവും വലിയ പ്രശ്നവും വെല്ലുവിളിയും കുട്ടികൾക്ക് കളിക്കുന്നതിനാവശ്യമായ കളിസ്ഥലം ഇല്ലാത്തതും വലിയൊരു പ്രശ്ന മായി മുന്നിലുണ്ട്.

# വേറിട്ട പ്രവർത്തനങ്ങൾ

## ഒരു ദിനം ഒരു പദം

2022-23 വർഷത്തെ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായിരുന്ന ഒരു ദിനം ഒരു പദം എന്ന പ്രവർത്തനം കുട്ടികളിൽ പദസമ്പത്ത് വർദ്ധിപ്പിക്കാ നുദ്ദേശിച്ചുകൊണ്ടുള്ള പ്രവർത്തനം ഈ വർഷവും തുടരുന്നു.

## സ്പെഷ്യൽ ക്ലാസുകൾ

കുട്ടികളുടെ സർവതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ഇതുൾക്കൊണ്ട്കൊണ്ട് കരാട്ടെ, ചെസ്സ്, നൃത്തം, ശാസ്ത്രീയ സംഗീതം എന്നിവയ്ക്കായി സ്പെഷ്യൽ ക്ലാസ്സുകൾ ശനിയാഴ്ച്ചകളിൽ നടത്തുന്നു. ഇവയ്ക്ക് പുറമേ ക്രാഫ്റ്റ്, സ്പോക്കൺ ഇംഗ്ലീഷ്, പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായി സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നീ ക്ലാസ്സുകളും നടത്തിവരുന്നു.

## ഡെയ്ലി ജി. കെ

എല്ലാ ദിവസവും കുട്ടികൾക്ക് പഠിക്കുന്നതിനായി ജി.കെ ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും ക്ലാസ്സ് ഗ്രൂപ്പുകളിൽ നൽകി വരുന്നു. മാസാ വസാനം ക്ലാസ്തലത്തിലും ഓരോ ടേമിലും സ്കൂൾ തലത്തിലും മത്സരങ്ങൾ നടത്തി സമ്മാനങ്ങൾ നൽകുന്നു.

## ഹരിതവിദ്യാലയം

2022-23 അക്കാദിമ വർഷത്തിൽ ഹരിതവിദ്യാലയം റിയാലിറ്റി ഷോയിൽ പങ്കെടുത്ത് എൽ. പി തലത്തിൽ തിരുവനന്തപുരത്ത് നിന്നും തെരഞ്ഞെടുത്ത രണ്ട് വിദ്യാലയങ്ങളിൽ ഒന്നായി മാറാൻ നമ്മുടെ സ്കൂളിന് കഴിഞ്ഞു.

# അക്കാദമിക മാസ്റ്റർപ്ലാൻ

ഒരു സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടേയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സ്ഥാപനപരമായ പ്രധാന രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയ ങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ ഇതാവശ്യമാണ്. കോവിഡ് മഹാമാരി വിദ്യാഭ്യാസ രംഗത്തും ചെറുതല്ലാത്ത വിടവാണ് ഉണ്ടാക്കിയിരി ക്കുന്നത്. ഇതിനെ മനസ്സിൽ കണ്ടുകൊണ്ടും ശിശുസൗഹൃദാന്തരീക്ഷം. ഉറപ്പുവരുത്താൻ സഹായകരമായതുമായ പ്രവർത്തനങ്ങൾ ക്ലാസ്സ് തലത്തിൽ തയ്യാറാക്കപ്പെട്ട മാസ്റ്റർ പ്ലാനുകളിൽ ഉൾപ്പെടുത്തുകയും അതിൽ നിന്നും സ്വാംശീകരിക്കപ്പെട്ട ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തനങ്ങൾ താഴ്ന്നതലത്തിൽ തുടങ്ങി ഉയർന്ന ക്ലാസ്സ്തലക്കാരെ പരിഗണിച്ച് രേഖപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. പാഠ്യപ്രവർത്തനങ്ങളോ ടൊപ്പം പഠനാനുബന്ധ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികൾക്കും പഠനപിന്തുണ നൽകുന്ന പ്രവർ ത്തനങ്ങളും ഉൾപ്പെടുത്തി കുട്ടികളുടെ സർവതോന്മുഖമായ വികാസം ലക്ഷ്യംവയ്ക്കാൻ ശ്രദ്ധ കൊടുത്തിട്ടുണ്ട്.

# അക്കാദമിക മാസ്റ്റർപ്ലാൻ

## പൊതുലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികൾക്കും സൗഹൃദപരമായതും ശിശുകേന്ദ്രീകൃതമായ രീതിയിൽ പഠനവും പാഠ്യേതര പ്രവർത്തനങ്ങളും സംഘടിപ്പിക്കും.

2. കുട്ടികൾ അതാതു ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.

3. ദിനാചരണവും അതിന്റെ പ്രാധാന്യവും കുട്ടികളിലേക്ക് എത്തിക്കുക.

4. പഠനം ആയാസരഹിതവും ആഹ്ളാദകരവുമായ അനുഭവമാക്കി മാറ്റാൻ ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.

5. ദിനാചരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ക്വിസ് മത്സരങ്ങൾ മാസം തോറും സംഘടിപ്പിച്ച് പൊതുവിജ്ഞാനത്തിൽ കുട്ടികളെ തത്പരരാക്കുക.

6. കുട്ടികളുടെ പഠനകാര്യത്തിൽ രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുക.

7. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അനുസൃതമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

8. പഠനപിന്തുണ ആവശ്യമുള്ളവരെയും പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികൾക്കും ആവശ്യമായ കൈതാങ്ങ് നൽകുക.

9. കുട്ടികളുടെ കഴിവിനും അഭിരുചിക്കും അനുസരിച്ച് കലാകായികസാഹിത്യ അഭിരുചികൾ പരിഗണിച്ചുമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിൻറെ പേര് | : ഗവ. എൽ.പി. എസ്, കോട്ടൺഹിൽ |
| വിലാസം | : വഴുതക്കാട് |
| സ്കൂൾ കോഡ് | : 43203 |
| ഫോൺ | : 04712721971 |
| വിദ്യാഭ്യാസ ഉപജില്ല | : തിരുവനന്തപുരം സൗത്ത് |
| വിദ്യാഭ്യാസ ജില്ല | : തിരുവനന്തപുരം |
| യു. ആർ. സി | : തിരുവനന്തപുരം സൗത്ത് |
| കോർപ്പറേഷൻ | : തിരുവനന്തപുരം |
| ഹെഡ്മാസ്റ്റർ | : റ്റി എ ജേക്കബ് |

പി.ടി.എ എസ്.എം.സി.ചെയർമാൻ: ദീപുകൃഷ്ണൻ കെ

# മികച്ച വായനക്കാരാകാം

# മലയാളം



# മലയാളം

## <u>എല്ലാവർക്കും വായിക്കാം എഴുതാം : മികച്ച വായനക്കാരകാം</u>

### ആമുഖം

വായിച്ച് വളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിന് വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംരംഭം. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളേയും മികച്ച വായനക്കാരനാക്കുക ഒപ്പം മികച്ച എഴുത്തു ക്കാരനാക്കുക. ഈ ലക്ഷ്യം നേടുന്നതിനായി പിന്നോക്കം നിൽക്കുന്നവരെ കൂടി മുൻധാരയിലെ ത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗ പ്രപഞ്ചമാക്കി മാറ്റു വാനുള്ള നൂതന സംരംഭം.

## 2025-26 അധ്യയനവർഷം കോട്ടൺഹിൽ ഗവ. എൽ.പി.എസ് ഏറ്റെടുക്കുന്ന പ്രോജക്ട്

കുട്ടികളുടെ ശാരീരികവും മാനസികവുമായ സമഗ്രവികസനമാണല്ലോ വിദ്യാഭ്യാസത്തി ലൂടെ ലക്ഷ്യമിടുന്നത്. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും കുട്ടികളിൽ വളർത്തി കുട്ടികളുടെ വ്യക്തിത്വത്തിൻറെ സമഗ്രവികസനം സാധ്യമാക്കുകയാണ്. ഓരോ അധ്യാപകന്റേയും കടമ. ഈ ലക്ഷ്യത്തിന്റെ ആദ്യപടി യാണ് വായനയിലൂടെയും എഴുത്തിലൂടെയുമുള്ള ആശയഗ്രഹണവും ആശ്യപ്രകടനവും.

നൂതന സംവിധാനങ്ങൾ ഉൾപ്പെടുത്തി പുതിയ പഠനതന്ത്രങ്ങളിലൂടെ വിദ്യാർത്ഥി സമൂ ഹത്തെ മുൻനിരയിലെത്തിക്കാൻ ശ്രമിക്കുന്ന ഈ വിദ്യാലയത്തിൽ ഭാഷാപരമായി നേരിടുന്ന പിന്നോക്കാവസ്ഥ കൂടി തരണം ചെയ്ത് വായനയുടെ പുതുലോകം സൃഷ്ടിക്കാം.

## അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

- അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഇവ തിരിച്ചറിയാത്ത ഒരു ചെറുവിഭാഗം കുട്ടികളുണ്ട്.
- സ്വതന്ത്രവായനയ്ക്കുള്ള ബുദ്ധിമുട്ട്.
- പാഠപുസ്തകത്തിലൂന്നിയ പഠനമാണ് യഥാർത്ഥ പഠനം എന്ന സമൂഹത്തിന്റെ ധാരണ.
- സമയബന്ധിതമായി പാഠഭാഗങ്ങൾ തീർക്കേണ്ട അവസ്ഥ.

## ലക്ഷ്യങ്ങൾ

- അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഇവയിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ട് പരിഹരിക്കുക.
- എല്ലാകുട്ടികളെയും സ്വതന്ത്രവായനക്കാരാക്കുക.
- കുട്ടികളിൽ ഒളിഞ്ഞിരിക്കുന്ന സർഗാത്മകശേഷി വികസിപ്പിക്കുക.
- വായനയുടെ വിവിധതലങ്ങൾ പരിചയപ്പെടുത്തി രചനാപരമായ കഴിവു വളർത്തുക.
- വായന സാമഗ്രികൾ കണ്ടെത്തൽ വികസിപ്പിക്കൽ.
- സാഹിത്യകാരെ പരിചയപ്പെടൽ.
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി മെച്ചപ്പെടുത്തൽ, ഉപയോഗപ്പെടുത്തൽ
- ബാലസഭയിൽ സാർഗാത്മകശേഷിയുടെ അവതരണം.
- കുട്ടികളെ സർഗ്ഗാത്മക രചനകളിലേക്ക് നയിക്കുക.
- നിഘണ്ടു നിർമ്മാണം.

# ലക്ഷ്യം: അക്ഷരങ്ങൾ, ചിഹ്നങ്ങൾ, ഇവയിൽ അനുഭവപ്പെട്ട ബുദ്ധിമുട്ട് പരിഹരിക്കൽ

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ വിശദീകരണം | കാലയളവ് | നിവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | എന്നെ അറിയാൻ | എല്ലാ കുട്ടികളും നിലവാരത്തിനനുസരിച്ച് അവരെക്കുറിച്ച് എഴുതുന്നു. നിലവാരം പരിശോധിക്കൽ കുട്ടികളും അവരുടെ നിലവാരമനുസരിച്ച് ഗ്രൂപ്പ് തിരിയൽ.<br>പരിസ്ഥിതിദിനം: ഈ ദിനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>വായനദിനം:<br>ബന്ധപ്പെട്ട  പ്രവർത്തനങ്ങൾ, ക്ലാസ്, ലൈബ്രറി പുസ്തകങ്ങൾ തെരഞ്ഞെടുക്കൽ. അക്ഷരകാർഡിൻറെ ഉപയോഗം അക്ഷരം ഉറപ്പിക്കൽ ചിത്രക്കാർഡ് ഉപയോഗിക്കൽ സാധ്യത പ്രയോജനപ്പെടുത്തൽ, അടയാളം ഉറപ്പിക്കൽ ചിഹ്നങ്ങൾ ഒഴിവാക്കിയ വാക്കുകൾ, ചിത്രങ്ങൾ തുടങ്ങിയ സാധ്യത ഉപയോഗിക്കൽ. | ജൂൺ ജൂലൈ | ക്ലാസ് അധ്യാപകർ | PTA | |
| | അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്റെ കൂട്ടുകാർ | ആദ്യ പത്രപ്രകാശനം, ജൂൺ മുതൽ മാർച്ച് വരെയുള്ള പ്രധാനദിനങ്ങൾ:<br>കുട്ടികളുടെ നിലവാരത്തിനനു സരിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ. (സാഹിത്യ വർക്ക് ഷോപ്പ്) | ജൂലൈ | | | |
| | | എഴുത്തോല : രചനോത്സവം പദശാർഡുകൾഅക്ഷരങ്ങൾ ഉപയോഗിച്ചു് പദ നിർമ്മാണം, അക്ഷര കാർഡുകൾ, ചിത്രകാർഡുകൾ, പദകാർഡുകൾ ഇവ ഉപയോഗപ്പെടുത്തൽ പദങ്ങളിലൂടെ ചിഹ്നം ഉറപ്പിക്കൽ, ICT സാധ്യത | ജൂലൈ | | | |
| | പദങ്ങൾ... പദങ്ങൾ... | മലയാളത്തിളക്കം CD<br>പത്ര കട്ടിംഗുകൾ, കഥാപുസ്തകങ്ങൾ തുടങ്ങിയവ പ്രയോജനപ്പെടുത്തി അക്ഷരങ്ങൾ, ചിഹ്നങ്ങൾ, പദം ഇവ ഉറപ്പിക്കൽ, അക്ഷരജ്യോതി പഠനവിടവ് പ്രവർത്തനങ്ങൾ വിലയിരുത്തൽ. | ജൂലൈ | വിദ്യാരംഗം കല സഹിത്യ വേദി | PTA | |

# ലക്ഷ്യം: എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാകുക

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ വിശദീകരണം | കാലയളവ് | നിവഹണ ചുമതല | സാമ്പ ത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | വാക്കുകളിലൂടെ വാക്യങ്ങളിലേ ക്ക്<br><br>വായനോത്സവം STD 1<br><br>CD കാണാം കഥ പറയാം<br><br>ഒരുദിനം ഒരുപാദം<br><br>പാട്ടരങ്ങ് STD 2 | അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ് ഇവ പ്രയോജനപ്പെടുത്തൽ പദകാർഡിൽ നിന്നും വാക്യ നിർ മ്മാണം വാക്യങ്ങൾ എഴുതിയ ചിത്രത്തി ന്റെ ഉപയോഗം. അടിക്കുറുപ്പ് പറയിപ്പി ക്കൽ, പത്രം ഉപയോഗിക്കൽ. വലിയ അക്ഷരങ്ങളിലുള്ള കഥാകാർഡ് ഉപയോഗിക്കൽ, നിലവാര പരിശോധന ഗ്രൂപ്പ് മാറ്റൽ, സമ്മാനം നൽകൽ.<br><br>തയ്യാറാക്കിയ വായന കാർഡുകളുടെ വായന<br><br>കഥകൾ കാണാൻ, കേൾക്കാൻ അവ സരം നൽകുന്നു. തുടർന്ന് കഥ പറ യാൻ അവസരം കണ്ട കഥ എഴുതൽ മെച്ചപ്പെടുത്തൽ, കഥപറയൽ മത്സരം, വായനോത്സവം (ഒന്നാം ക്ലാസ്സ്) സ്കൂൾ ലൈബ്രറി, റീഡിംഗ് കോർണ്ണ ർ, ക്ലാസ്സ് ലൈബ്രറി വിപുലമാക്കൽ... എല്ലാവരും വായനയിലേക്ക്<br><br>ദിവസവും പരിചപ്പെടുന്ന പദം (ഒരു ദിനം ഒരു പദം) പ്രത്യേക നോട്ട് ബുക്കിൽ എഴുതി നിഘണ്ടു തയ്യാറാ ക്കുന്നു. ക്ലാസ് പ്രവർത്തനങ്ങളുടെ ഭാഗമായി പരിചയപ്പെടുന്ന പദങ്ങളും നിഘണ്ടുവിൽ എഴുതുന്നു.<br><br>ഒന്ന് രണ്ട് ക്ലാസ്സുകളിൽ പഠിക്കുന്ന അക്ഷരങ്ങൾ ഉപയോഗിച്ചുളപ്പാട്ട്, ബാലസഭ, അസംബ്ലി അവതരണം | ജൂലൈ ആഗസ്റ്റ്<br><br>ജൂൺ - മാർച്ച് | ക്ലാസ് അധ്യാപകൻ<br><br>ക്ലാസ് അധ്യാപകർ<br><br>ലൈബ്രറി കൺവിനർ<br><br>അധ്യാപകൻ | | |

# ലക്ഷ്യം: വായനാസാമഗ്രികൾ കണ്ടെത്തൽ വികസിപ്പികൾ

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ വിശദീകരണം | കാലയളവ് | നിവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 6 | എന്റെ ജന്മദിന സമ്മാനം | കുട്ടികളുടേയും ബന്ധുക്കളുടേയും ജന്മദിനസമ്മാന മായി സ്കൂളിനൊരു പുസ്തകം ജൂൺ മുതൽ സെപ്റ്റംബർ വരെകുട്ടികളുടേയും ബന്ധുക്കളുടേയും ജന്മദിനസമ്മാന മായി സ്കൂളിനൊരു പുസ്തകം ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ ജന്മദിനം വരുന്നവർ ഓണസമ്മാനമായി പുസ്തകങ്ങൾ സ്കൂൾ ലീഡറെ ഏൽപ്പിക്കുന്നു. അധ്യാപകരുടേയും<br><br>സംഘടനകൾ, വ്യക്തികൾ തുടങ്ങിയ പല സ്രോതസ്സുകളിലൂടെ കുട്ടികളുടെ നിലവാരത്തിനുതകുന്ന പുസ്തകങ്ങൾ ശേഖരിക്കൽ.വർത്തമാനപത്രം ക്ലാസുകളിലേക്ക് ജന്മദിനപുസ്തകങ്ങൾ, ക്ലാസ് പതിപ്പുകൾ തുടങ്ങിയവ ഉപയോഗിച്ച് ക്ലാസ്.<br><br>വായനകാർഡുകൾ വിപുലമായി തയ്യാറാക്കൽ വായനയ്ക്ക് അവസരം നൽകൽ. വായനാകാർഡ് നൽകി അതിലെ കഥാസന്ദർഭ ചിത്രങ്ങൾ നൽകുന്നു. അതിനെ വ്യത്യസ്ഥ വ്യവഹാര രൂപത്തിലാക്കാൻ പ്രവർത്തനങ്ങൾ നൽകുന്നു.യുള്ള കാലയളവിൽ ജന്മദിനം വരുന്നവർ ഓണസമ്മാനമായി പുസ്തകങ്ങൾ സ്കൂൾ ലീഡറെ ഏൽപ്പിക്കുന്നു. അധ്യാപകരുടേയും | ആഗസ്റ്റ്<br><br>ആഗസ്റ്റ്<br>സെപ്റ്റംബർ | അധ്യാപകർ | PTA<br>SMC<br>സന്നദ്ധ സംഘടനകൾ | |

# ലക്ഷ്യം: വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടുത്തി രചനാപരമായ കഴിവുകൾ

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ വിശദീകരണം | കാലയളവ് | നിവഹണ ചുമതല | സാമ്പ ത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | പുസ്തകങ്ങളിലൂടെ ഒരു യാത്ര | -ഓരോ ക്ലാസിലേയും കുട്ടികളെ നില വാരത്തിനനുസരിച്ച് 5 ഗ്രൂപ്പുകളാ ക്കുന്നു. ഓരോ ഗ്രൂപ്പിനും നിലവാര ത്തിന് യോജിച്ച പുസ്തകവിതരണം, വായന തുടർപ്രവർത്തനമായി എഴു ത്തിന്റെ വിവിധ മേഖലകളിലേയ്ക്ക് നയിക്കുന്നു. | സെപ്റ്റംബർ | അധ്യാപകർ | | |
| | പാട്ടരങ്ങ് (STD 1,2) പുസ്തക മരം | പാഠകപുസ്തകത്തിലെ വിവിധപാട്ടുകൾ താളത്തിൽ, ഈണത്തിൽ അവതരിപ്പിക്കൽ, വായിച്ച പുസ്തകത്തിന്റെ പേര് എഴുതി മരച്ചില്ലയിൽ പ്രദർശിപ്പിക്കുന്നു. ബാലസഭ, റേഡിയോ ക്ലബ് തുടങ്ങിയ ' വയിൽ സ്വന്തം രചനകൾ അവതരിപ്പിക്കാൻ അവസരം ഒരുക്കൽ അക്ഷര ശ്ലോക സദസ്സ്, അക്ഷരപാട്ടുകൾ ഇവ വർഷാന്ത്യം അവതരിപ്പിക്കൽ, ഒരുക്കൽ ആദ്യമെ ആരംഭിക്കണം. | സെപ്റ്റംബർ | | | |
| | പത്രവായന | പത്രവായന: കുറഞ്ഞത് 3 പത്രമെങ്കിലും ക്ലാസുകളിൽ വിതരണം 5 ഗ്രപ്പുകാർ ആഴ്ചയിൽ ദിവസങ്ങളിലായി വാർത്ത അവതരിപ്പിക്കൽ അതാത് ഗ്രൂപ്പുകാർ ഓരോ ദിവസത്തെയും പത്രങ്ങളിലെ പൊതു വിജ്ഞാന ശേഖരണവും അവത രണവും മാസാന്ത്യം പത്ര ക്വിസ് സമ്മാന വിതരണം. | | PTA അധ്യാപകർ | | |
| | എന്റെ പുസ്തകം ഞങ്ങളുടെ പത്രം | ഓരോ കുട്ടിയും അവരുടെ വായനാനുഭവങ്ങളും സ്വന്തം അനുഭവങ്ങളും എന്റെ പുസ്തകം എന്ന പേരിൽ സൃഷ്ടികൾ പ്രദർശിപ്പി ക്കുന്നു. ഓരോ സ്റ്റാൻഡേർഡിലേയും കുട്ടികളുടെ സൃഷ്ടിക്ളും സ്കൂൾ വാർത്തകളും ഉൾപ്പെടുത്തി ഞങ്ങളുടെ പത്രം ഇറക്കുന്നു. | ജനുവരി അവസാനം | | | |

## ലക്ഷ്യം: സാഹിത്യകാരെ പരിചയപെടുത്തുന്നതിന്, സ്വതന്ത്ര രചനകളിൽ ഏർപെടുന്നതിന്

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ വിശദീകരണം | കാലയളവ് | നിവഹണ ചുമതല | സാമ്പ ത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | കവിയരങ്ങ് | കുട്ടിസാഹിത്യകാർ, കവിതകളായ അദ്ധ്യാപകർ, പ്രമുഖസാഹിത്യകാര ന്മാർ ഉൾപ്പെട്ട സാഹിത്യ സദസ്സു മായി സംവദിക്കൽ, അക്ഷരപ്പാട്ടു കൾ, അക്ഷരശ്ലോക സദസ്സ് ഇവ സംഘടിപ്പിക്കൽ. | ഫെബ്രുവരി | അധ്യാപകർ | PTA | |
| | വായനോത്സവം (STD 1,2,3,4) | വായനമത്സരം സംഘടിപ്പിക്കൽ, മികച്ച വായനക്കാരെ കണ്ടെത്തൽ. സമ്മാനം നൽകൽ. | | | | |
| | രചനോത്സവം (STD 1,2,3,4) | ഓരോ സ്റ്റാൻഡേർഡിനും അനുയോജ്യമായ തരത്തിൽ വിഷയ ങ്ങൾ നൽകുന്നു. വ്യത്യസ്ഥ വ്യവഹാര രൂപങ്ങളിൽ കുട്ടികൾ രചനകൾ നടത്തുന്നു. ഇവ ഉൾപ്പെടുത്തി ഓരോ ക്ലാസിൽ നിന്നും ഒരു കൈയെഴുത്ത് മാഗസിൻ പ്രകാശനം ചെയ്യുന്നു. മികച്ചവ സ്കൂൾ മാഗസിനിലേക്ക്. | | | | |
| | കാവ്യോത്സവം (STD 1,2,3,4) | പാഠപുസ്തകത്തിലെ വിവിധ കവിത കൾ ഈണത്തിലും, താളത്തിലും ചൊല്ലി അവതരിപ്പിക്കുന്നു. ബാലസഭ അസംബ്ലി എന്നിവിടങ്ങളിൽ അവതരണം | ജൂൺ - ജനുവരി | | | |

# ലക്ഷ്യം: ഭിന്നശേഷിക്കാരെയും പാർശ്വവൽക്കരിക്കപ്പെട്ടവരേയും മുഖ്യധാരയിൽ എത്തിക്കുക

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ വിശദീകരണം | കാലയളവ് | നിവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 14 | ചിത്രങ്ങളിലൂടെ | ഭിന്നശേഷിക്കാർക്ക് സ്പെഷ്യൽ എഡ്യൂക്കേറ്ററിനെ ഉൾപ്പെടുത്തി പ്ലാനിംഗ്. | പ്രത്യേക കാലയളവില്ല | അധ്യാപകർ | | |
| | അക്ഷരങ്ങളിലൂടെ | അവർക്ക് ആവശ്യവും അനുയോജ്യവുമായ പഠനോപകരണ വിതരണം. | | രക്ഷിതാക്കൾ | | |
| | വാക്ക്....<br>വാക്യം...<br>വായന.... | ചിത്രങ്ങൾ, ICT കളികൾ, പാട്ടുകൾ വിദഗ്ധരെ ഉപയോഗപ്പെടുത്തൽ സ്വന്തമായി വായിക്കുന്നു. എഴുതുന്നു, (പരിമിതിക്കുള്ളിൽ) ചിത്ര കാർഡുകൾ, വായനാ കാർ ഡുകൾ, നിർമ്മാണത്തിൽ പങ്കാളികളാക്കൽ, കുട്ടികവിതകൾ, കഥകൾ കേൾക്കാൻ അവസരം നൽകൽ, ചിത്രകഥ കാർഡുകളിൽ നിന്ന് കഥ കൾ പറയാൻ അവസരം നൽകൽ,, ചെറിയ ചെറിയ കാർഡുകൾ വായ നയ്ക്കായി നൽകൽ, വാക്യങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ നൽകൽ സംയുക്ത ഡയറി (Std-I, II) പ്രകാശനം (കുഞ്ഞെഴുത്തുകൾ) | | | | |




# "LIGHT TO ENLIGHTEN"

# ENGLISH

## INTRODUCTION

English is one of the popular languages in the world because English is an international language, which can be used for communicate with people around the world. This Master plan aims to develop four basic skills of English language. We have to keep our world language English, close to our hearts. The aim is to make students read and write effectively. Infact the integration of listening and speaking with reading and writing will make learners good listeners, speakers, readers and writers, so as to be able to communicate effectively.

The teacher is required to apply and away of techniques to integrate the necessities of the students. The teacher mixes these techniques throughout the procedure of learning and applies them towards the progressive advancement of proficiency as well as self confidence of the student in improving the efficiency of this cognitive operation.

We are welcoming this academic year by making variety of learning experiences such as English day', School Radio- 'Tiny Tones', 'English Fest' Etc............

## AIMS

- To develop LSRW in Children
- Develop the ability to communication skills
- Develop the interest to read children's book
- To Develop vocabulary of children
- To empower English language

| AIM | ACTIVITES | DURATION | DUTY | FINANCE |
|---|---|---|---|---|
| To develop listening skills | • Students engage in game according to the instruction<br>• Action song<br>• Hello English Journal activities (Games, Skits, etc........)<br>• Activities using ICT.<br>• MEW Activities<br>• Picture Reading<br>• Self introduction<br>• Identifying pictures and says about it<br>• Saying growing sentences regarding a picture<br>• Try to express ideas and experience in simple sentence | June - July<br><br>August<br><br>Sepetember | Teachers | Self |
| To enhance speaking skills | • Assembly once in a week<br>• Conducting spoken English classes<br>• Story telling<br>• Saying growing sentence<br>• Performing growing sentence<br>• Performing in School Radio (Tiny Tones)<br>• Conducting 'English day'-All students can perform<br>• (including CWSN) every month<br>• Forming of English Army<br>• A team of trained students importing with other children informally during school hours<br>• Hello English Journal activities in each standard<br>• E-Cube activities | once in a month<br><br>Sepetember to march<br><br>Around the school year | Teachers | |

| AIM | ACTIVITES | DURATION | DUTY | FINANCE |
|---|---|---|---|---|
| To attain reading skill and writing skill | • Simple story books reading<br>• English News paper reading (head lines)<br>• Reading of Conversation Roll Plays<br>• Reading of posters, cartoons.<br>• Notices<br>• Picture description<br>• Writing growing sentence<br>• Making word chain<br>• Making picture dictionary<br>• Making story book related to Text book<br>• Writing Roll play, skit (Participating CWSN)<br>• Presenting it in school Radio and Balasabha<br>• Preparing thoughts<br>• Makes magazines<br>• MEW Activities<br>• Activities of E-Cube | November to December<br><br>November to December | Leaders<br><br>Teachers | PTA |

| AIM | ACTIVITES | DURATION | DUTY | FINANCE |
|---|---|---|---|---|
| To improve Reading Skills | • Making Reading Cards<br>• Reaching of reading cards<br>• Reacting simple stories in groups and sharing<br>• Picture reading<br>• Reading of simple instructions<br>• Reading games using ICT<br>• Digital Reading using ICT<br>• Reading of placards and Notices<br>• Story book reading, poems and riddles<br>• Starting of Newspaper reading (Head lines) | September to October | Teachers | |
| Writing skills | • Completing word webs<br>• Add more lines<br>• Picture description<br>• Making of simple riddles<br>• Making growing Sentence<br>• Writing of simple conversations<br>• Hello English Journal activities<br>• (Try to develop the writing skills of the students by giving these activities step by step.)<br>• Spelling Contests<br>• English diary Writing<br>• Word Puzzle | September to October | Teachers | Self |

| AIM | ACTIVITES | DURATION | DUTY | FINANCE |
|---|---|---|---|---|
| To enhance reading skills | • Newspaper Reading activities (Assembly)<br>• Reading English books from library.<br>• Reading of creative works of there students<br>• Reads breaking News<br>• Diary Reading<br>• Book review | January to February | Teachers, Parents | Self |
| To develop writing skills | • Description based on pictures<br>• Simple story writing<br>• Thoughts, conversation, writing<br>• Riddle Making<br>• Posters, Placards, Notice making<br>• Skits, growing book | | | Self |

| AIM | ACTIVITES | DURATION | DUTY | FINANCE |
|---|---|---|---|---|
| To develop communication skills through various activites | • Conducting English Fest<br>• English Balasabha (Class Level)<br>• English Assembly (On all Tuesday)<br>• Anchoring in English<br>• Programmes through school Radio<br>• English Day (On alternate months)<br>• Presenting self works<br>• Magazines<br>• Picture Dictionary (Picture & Description)<br>• Making of my growing book<br>• Tiny Tones' (School Radio)-Students can perform various activities through school radio | February to March | Headmaster<br>Teacher<br>Students | PTA<br>SMC |
| To develop creative activities | • English Magazine<br>• Picture Dictionary<br>• Day for English<br>• English Fest | February to March | Teacher<br>Student | |



# ഉല്ലാസ ഗണിതം

# ഗണിതം

## ആമുഖം

ഗണിതതാൽപര്യം കുട്ടികളിൽ പ്രാഥമിക വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ ഉറക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ ഗണിത താൽപര്യം വളർത്തുന്നതിനുതകുന്നതരത്തിലുള്ള പ്രവർത്തനങ്ങൾ ക്ലാസ് തലത്തിൽ ആസൂത്രണം ചെയ്യേണ്ടത് അനിവാര്യമാണ്.

ഗണിതപഠനം രസകരകരമാക്കുന്നതിനായി താൽപര്യം, അഭിരുചി എന്നിവ വളർത്തിയെടുക്കേണ്ടതാണ്. കുട്ടികളുടേയും ഗണിതകേളിക ളുടേയും ഗണിത താൽപര്യവും ജിജ്ഞാസയും വളർത്താനാകും, മെച്ചപ്പെട്ട ക്ലാസ്തല സ്കൂൾതല പ്രവർത്തനങ്ങളിലൂടെ ഇത് കൈവരിക്കാനാകും.

## ലക്ഷ്യങ്ങൾ

വ്യത്യസ്തമായ ഗണിതപ്രക്രിയയിലൂടെ അടിസ്ഥാന ഗണിത ആശയങ്ങൾ ഉറപ്പിക്കുകയും ഗണിത ശാസ്ത്രത്തിൽ താൽപര്യം ജനിപ്പികുകയും ചെയ്യുക.

കരിക്കുലം വിഭാവനം ചെയ്യുന്ന ശേഷികൾ നേടിയെന്ന് ഉറപ്പാക്കുക.

യുക്തി ചിന്ത, ഗണിതചിന്ത, വിശകലനശേഷി എന്നിവ എല്ലാകുട്ടികളിലും വളർത്തുക.

ഗണിതസൗന്ദര്യം ആസ്വദിക്കുന്നതിനും ഗണിതക്ലാസ്സുകൾ രസകരമാക്കുന്നതിനും മിശ്രപഠന സാധ്യതകൾ പ്രയോജനപ്പെടുത്തുക.

ഭിന്നശേഷിക്കാരായ കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുക. അതിനായി അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

കുട്ടികളുടെ പഠനവിടവ് നികത്താൻ ഉതകുന്ന ശിശുസൗഹൃദ ക്ലാസ്സ് മുറികൾ ഒരുക്കുക.

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | സംഖ്യാബോധം | **ഗണിതകേളി**<br>• രണ്ടാഴ്ചയിൽ ഒരിക്കൽ ഗണിതകേളികൾ പരിച യപ്പെടുത്തൽ ഗണിതമൂലകൾ സജ്ജീകരിക്കൽ.<br>• ഗണിതവിജയ പ്രവർത്തനങ്ങൾ ക്ലാസ്സ് നില വാരത്തിലുള്ള പ്രവർത്തനങ്ങൾ ഓരോ ക്ലാസ്സും സജ്ജീകരിക്കുന്നു.<br>• ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ<br>• ഉല്ലാസഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>• കളർ ചാർട്ടുകൾ, സ്ഥാനവില പോക്കറ്റ് എന്നിവ ഉപയോഗിച്ചു കൊണ്ട് ഉറപ്പിക്കൽ<br>• . മഞ്ചാടിസഞ്ചി, Ten Frame സംഖ്യാപുഷ്പം, മുൻപിലും പിൻപിലും, അബാക്കസ് എന്നിവ യിലൂടെ ഗണിത പഠന പ്രക്രിയകൾ ഒരുക്കുന്നു. | ജൂൺ<br><br>ജൂലൈ | അധ്യാപകർ | PTA | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 2 | ചതുഷ്ക്രിയകൾ ഉറപ്പാക്കുന്നു | **ഡൊമിനേസ് കളി**<br>• സങ്കലന, വ്യവകലന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.<br>• മെന്റീരിയൽസ് ഉപയോഗിച്ച് ഗണിതകേളികൾ<br>• ഏർപ്പെടൽ, ICT സാധ്യതയിൽ ഉല്ലാസഗണിത പ്രവർത്തനങ്ങൾ പരിചയപ്പെടൽ അവസരമൊരുക്കൽ<br>• .ഉല്ലാസഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടൽ സംഖ്യകൾ തമ്മിൽ സങ്കലന, വ്യവകലനം ക്രിയ കളിൽ ഏർപ്പെടൽ<br>• സങ്കലനം(+), വ്യവകലനം(-), ചിഹ്നങ്ങൾ തിരിച്ചറിവ് നേടുന്നു.<br>• കാർഡെടുക്കാം കണക്കുകൂട്ടാം, സംഖ്യ ചേർത്തു നിർത്താം, തുകയിലെത്താം, ഉത്തരം കാണാം. കൂട് തേടാം തുടങ്ങിയ പ്രവർത്തനങ്ങൾ | | | | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 3 | ഗണിത ക്രിയകൾ, പസിലുകൾ, പാറ്റേണുകൾ, എന്നിവയിലൂ ടെ ഉത്തരം കണ്ടെത്തുന്നു | **ഗണിതവിസ്മയം -സ്കൂൾ തലം**<br>ഓരോ ആഴ്ചയിലും ഗണിത വിസ്മയം (ഗണി തവുമായി ബന്ധപ്പെട്ട കൗതുകവും ആശയത്തി ലൂന്നിയതുമായി വസ്തുക്കൾ) ബുള്ളറ്റിൽ ബോർഡിൽ പ്രദർശിപ്പിക്കുന്നു.<br><br>**ഗണിതപസിൽക്ലാസ്സ് തലം**<br>ആഴ്ചയിൽ ഒരിക്കൽ ഗണിതവുമായി ബന്ധപ്പെട്ട അതാതു ക്ലാസ്സ് നിലവാരത്തി ലൂന്നിയ ചോദ്യങ്ങൾ ക്ലാസ്സിലെ ബുള്ളറ്റിൽ ബോർഡിൽ പ്രദർശിപ്പിക്കുകയും ഉത്തരം വ്യക്തമായി കണ്ടെത്തുകയും, കുട്ടികളെ അഭിന ന്ദിക്കുകയും ചെയ്യുന്നു. | ഒക്ടോബർ മുതൽ നവംബർ | അധ്യാപകർ | **URC**<br>**PTA** | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 4<br><br>5 | ഗണിത കോർണർ സ്വയം പഠനത്തിനുള്ള അവസരം ഒരുക്കൽ | **ഗണിതപസിൽക്ലാസ്സ് തലം**<br>• സ്വയം പഠനത്തിനും തുടർപഠനത്തിനുമുള്ള അവസരങ്ങൾ ലഭ്യമാക്കുന്നു.<br>• ഗണിത കോർണർ പരീക്ഷണ നിരീക്ഷണങ്ങ ൾക്കും പ്രവർത്തനങ്ങളുടെ ഉൽപ്പന്നം പ്രദർശ പ്പിക്കുന്നു.<br>• .പ്രശ്നാപഗ്രഥനം, പങ്കാളിത്ത പഠനം<br><br>**ഗണിത ക്വിസ് (ക്ലാസ്തല, സ്കൂൾതലം)**<br>ഓരോ മാസത്തിലും ഗണിതക്വിസ് നടത്തുകയും വിജയികളെ അഭിനന്ദിക്കുകയ തുടർന്ന് സ്കൂൾതല ക്വിസ് മത്സരം നടത്തി സ്കൂൾതല വിജയികൾക്ക് സമ്മാനം നൽകി ആദരിക്കുകയും ചെയ്യുന്നു. | ഡിസംബർ | അധ്യാപകർ | | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 6 | യുക്തി ചിന്ത, ഗണിത ചിന്ത, വിശകലന ശേഷി എന്നിവ കുട്ടികളിൽ വളർത്തുന്നു | **ഗണിതപസിൽക്ലാസ്സ് തലം**<br>• ജ്യാമിതീയ രൂപങ്ങൾ വരയ്ക്കുന്നുനീളം അളക്കുന്നതിനുള്ള ഏകകം കണ്ടെത്തുന്നു.<br>• അളവ് പാത്രങ്ങൾ, അളക്കുന്നതിനുള്ള ഉപകര ണങ്ങൾ, നിർമ്മാണം പ്രദർശനം.<br>• . ഗണിത ലാബിന്റെ പ്രയോജനപ്പെടുത്തൽ.<br>• ICT സാധ്യതയിലൂടെ ഗണിതപാട്ടുകൾ ഗണിത കഥകൾ ശേഖരണം, അവതരണം പ്രത്യേക പരിഗണന വേണ്ടവരെ ഉൾപ്പെടുത്തി ആശയം ഉറപ്പിക്കുന്നു.<br><br>**മനക്കണക്കുകൾ**<br>പാഠ്യ പദ്ധതിയുമായി ബന്ധപ്പെട്ടതും ചിന്താ ശേഷി ഉണർത്തുന്നതുമായ പ്രവർത്തനങ്ങൾ മനക്കണക്കിലൂടെ ഉത്തരം കണ്ടെത്താൻ പരിശീലനം നൽകുന്നു. | ഡിസംബർ<br><br>ജൂൺ മുതൽ ജനുവരി | അധ്യാപകർ | **PTA** | |



# പ്രകൃതിയിലേക്ക്

# വിഷയം: പരിസര പഠനം

കുട്ടികളുടെ സവിശേഷ സ്വഭാവമാണ് ജിജ്ഞാസ. ശാസ്ത്രം ജിജ്ഞാ സയുണർത്തുന്ന പ്രവർത്തനങ്ങളുടെ കലവറയാണ്. കുട്ടികളിലെ ജിജ്ഞാ സയെ വളർത്തി പരിപോഷിപ്പിച്ച് ശാസ്ത്ര കൗതുകങ്ങളിലൂടെ അവരെ നമ്മുക്ക് മികച്ച ശാസ്ത്ര കുട്ടികകളാക്കി മാറ്റാം. അതോടൊപ്പം മികച്ച പ്രകൃതി സംരക്ഷ കരായും വളർത്തി എടുക്കാം.

പ്രകൃതിയെ നിരീക്ഷിക്കുക, അതിൽ നിന്നും ഉൾകൊള്ളുന്ന അറിവുകൾ പ്രത്യേക സന്ദർഭങ്ങളിൽ പ്രയോഗിക്കുന്ന തരത്തിൽ താത്പര്യമുള്ളവരാക്കി മാറ്റാനും കഴിയണം. വലിയൊരു ശാസ്ത്ര പാഠപുസ്തകമായ പ്രകൃതിയെ നിരീ ക്ഷിക്കുന്നതിനോടൊപ്പം പരിസരപഠനത്തിന്റെ വിവിധ മേഖലകളിലൂടെ കടന്ന് പോകാനും അനുഭവത്തിലൂടെ അറിവ് സ്വാംശീകരിക്കാനും കഴിയുന്നു.

ചെറിയ ചെറിയ പരീക്ഷണങ്ങൾ ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ശാസ്ത്രതരാഭിരുചി വളർത്താനും ശാസ്ത്ര കൗതുകം വളർത്താനും കഴിയും.

**പ്രശ്നങ്ങൾ** : സുസജ്ജമായ ലാബുകളുടെ കുറവ്, സ്ഥല പരിമിധി.

**ലക്ഷ്യങ്ങൾ:**

സസ്യലോകത്തെ ശാസ്ത്ര കൗതുകങ്ങൾ അറിയുന്നതിനോടൊപ്പം സസ്യസംരക്ഷണവും.

- നിരീക്ഷണപാടവം വളർത്തി സസ്യങ്ങളിലെ വൈവിധ്യങ്ങൾ തിരിച്ചറിയുക.
- കൃഷിയോട് ആഭമുഖ്യം ഉണ്ടാക്കുക.
- കൃഷിത്തോട്ട നിർമ്മാണത്തിൽ ഏർപ്പെടുക.
- രസകരമായ പരീക്ഷങ്ങൾ ഏർപ്പെടുക
- ചെറിയ ശാസ്ത്ര തത്വങ്ങൾ മനസ്സിലാക്കുന്നതിന്.
- ശാസ്ത്രാഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുക.
- കുട്ടി ശാസ്ത്രജ്ഞൻമാരെ പ്രോത്സാഹിപ്പിക്കുക.

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
| --- | --- | --- | --- | --- | --- | --- |
| 1 | നിരീക്ഷണ ശേഷി ഉണ്ടാകുന്നതിന് ' | കുട്ടിയുടെ വീടിന്റെ പരിസരം, വീട്ടിലെപൂന്തോട്ടം, പച്ചക്കറിത്തോട്ടം, സ്കൂൾ പരിസരത്തെ തോട്ടം, മരങ്ങൾ എന്നിവയുടെ പേരുകൾ നിരീക്ഷണ ത്തിലൂടെ ശേഖരിക്കുന്നു. കൂട്ടുകാരുടെ വീടിന്റെ പരിസരത്തും മറ്റുമുള്ള ചെടികൾ/മരങ്ങൾ എന്നിവ യുടെ പേര് ശേഖരിക്കുന്നു. നിരീക്ഷണങ്ങളിലൂടെ കണ്ടെത്തിയ സസ്യങ്ങളെ വർഗീകരിക്കുന്നു. | ജൂൺ | അധ്യാപകർ | PTA | |
| | വർഗ്ഗീകരണ ശേഷി ഉണ്ടാകുന്നതിന് | ഫലവൃക്ഷങ്ങൾ<br>ഔഷധ സസ്യങ്ങൾ<br>പൂന്തോട്ട വൃക്ഷങ്ങൾ, ചെടികൾ<br>അലങ്കാര സസ്യങ്ങൾ<br>വീടിനകത്ത് വളർത്തുന്നവ<br>ശീതകാല പച്ചക്കറികൾ<br><br>വർഗീകരണത്തിന് ICT സ്കൂൾ ക്ലാസ് ലൈബ്രറി<br><br>സാധ്യതകളും പരിഗണിക്കുന്നു.<br><br>വർഗീകരണത്തിലൂടെ സസ്യലോകത്തെ വൈവിധ്യങ്ങൾ, കൗതുകങ്ങൾ എന്നിവ മനസ്സിലാക്കുന്നു | ജൂലൈ | വീട്ടിലെ മുതിർന്ന അംഗങ്ങൾ | | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 2 | തന്റെയും കൂട്ടുകാരുടെയും നിരീക്ഷണ വർഗ്ഗീകരണത്തിലൂടെ കണ്ടെത്തിയ സാധ്യതകളെ ക്രോഡീകരണം | • പണ്ടുകാലത്ത് സുലഭമായി ഉണ്ടായിരുന്ന (10 വർഷങ്ങൾക്ക് മുമ്പ്/അച്ഛൻ, അമ്മയുടെ കുട്ടിക്കാലം, അപ്പൂപ്പന്റെ കുട്ടിക്കാലം) പല സസ്യ സമ്പത്തും ഇന്നില്ല അല്ലെങ്കിൽ എണ്ണത്തിൽ കുറവാണ്. എന്ന ക്രോഡീകരണം നടത്തുന്നു.<br>• സസ്യസമ്പത്ത് നിലനിർത്തേണ്ടതിൻറെ ആവശ്യകത ചർച്ച ചെയ്യുന്നു.<br>• കാരണങ്ങൾ കണ്ടെത്തുന്നു. | ആഗസ്റ്റ് | അധ്യാപകർ | | |
| | സസ്യലോകത്തെ സംരക്ഷിക്കാനുള്ള പ്രവർത്തങ്ങൾ ആസൂത്രണം ചെയ്യുന്നതിന് | പ്രവർത്തനങ്ങൾ<br>• പോസ്റ്റർ രചന<br>• .കുറിപ്പുകൾ തയ്യാറാക്കൽ<br>• കണ്ടെത്തിയ/തയ്യാറാക്കിയ വർഗീകരണ ലിസ്റ്റുകളുടെ പ്രദർശനം<br>• ICT സാധ്യത ഉപയോഗപ്പെടുത്തുന്നു. (രചനകൾക്ക്, പ്രദർശനങ്ങൾക്ക്)<br>• വീട്ടിലും സ്കൂളിലും സസ്യങ്ങൾ നടുന്നു. | | വീട്ടിലെ മുതിർന്ന അംഗങ്ങൾ | | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 4 | തിരഞ്ഞെടുത്ത ലക്ഷ്യത്തെ പ്രവർത്തിക-മാക്കുന്നതിന്<br><br>സസ്യ ലോകത്തെ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന്<br><br>പ്രയോഗികതയിൽ മെച്ചപ്പെടുത്തൽ വരുത്തുന്നതിന് | • സസ്യലോകത്തെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞ് പ്രയോഗത്തിൽ വരുത്തുന്നു.<br>• പരിസ്ഥിതി ദിനത്തിന് നട്ട മരത്തിന് പരിപാ ലനം ഉറപ്പുവരുത്തുക<br>• വീട്/സ്കൂൾ സ്ഥല സൗകര്യാർത്ഥം കൃഷി രീതി തെരഞ്ഞെടുക്കൽ<br>• പൂന്തോട്ട നിർമ്മാണം പച്ചക്കറി കൃഷി<br>• ഔഷധ സസ്യങ്ങളുടെ പരിപാലനം<br>• പ്രയോഗതലത്തിൽ എത്തിയപ്പോൾ നേരിട്ട പ്രയാസങ്ങൾ, പ്രവർത്തനരീതികൾ മെച്ചപ്പെടുത്തലുകൾ ഇവ കൂട്ടുകാരുമായി ചർച്ച ചെയ്യൽ, പങ്കുവെയ്ക്കൽ.<br>• പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തൽ കൃഷി ഉത്പന്നങ്ങളുടെ പ്രദർശനം വിപണനം | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ | അധ്യാപകർ<br>കുട്ടികൾ<br>ശാസ്ത്ര ക്ലബ്<br><br>അധ്യാപകർ<br>കുട്ടികൾ<br>ശാസ്ത്ര ക്ലബ് | | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 5 | ശാസ്ത്രതല പരീക്ഷണങ്ങ ളിൽ പങ്കെടുക്കുന്ന തിന് | • സകൂൾ ലാബ് സജ്ജമാക്കൽ (സയൻസ് ക്ലബ്ബ ന്റെ നേതൃത്വത്തിൽ)<br>• ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കൽ<br>• അസംബ്ലിയിൽ ആഴ്ചതോറും പരീക്ഷണങ്ങൾ അവതരിപ്പിക്കൽ<br>• ക്ലാസിൽ പരീക്ഷണം അവതരിപ്പിക്കൽ പരീക്ഷണക്കുറിപ്പുകൾ രേഖപ്പെടുത്തൽ, ക്ലാസ്സിൽ ചാർട്ടിൽ പ്രദർശിപ്പിക്കൽ, (തത്വം)<br>• ICT സാധ്യത ഉപയോഗിച്ച് പരീക്ഷണങ്ങൾ പരി ചയപ്പെടുത്തൽ.<br>• ക്ലാസുകളിൽ ശാസ്ത്രമൂലകൾ ക്രമീക്കരിക്കൽ, പരീക്ഷണ വസ്തുക്കൾ ശേഖരിക്കൽ. | സെപ്റ്റംബർ തുടർച്ച | സയൻസ് ക്ലബ്ബ്<br>അധ്യാപകർ | PTA | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 6 | ശാസ്ത്ര കൗതുകം ജനിപ്പിക്കുക<br><br>ശുചത്വം | • .ശാസ്ത്ര പ്രദർശനങ്ങൾ സംഘടിപ്പിക്കുക പരീക്ഷണ മത്സരങ്ങൾ സംഘടിപ്പിക്കുക ചെറിയ ശാസ്ത്ര തത്വങ്ങൾ മനസ്സിലാക്കുന്ന പരീക്ഷണങ്ങൾ പരിചയപ്പെടുത്തുക.<br>• 'ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യുന്നതിനും ശാസ്ത്ര തത്വങ്ങൾ മനസ്സിലാക്കുന്നതിനും പ്രേരണ ഉണ്ടാക്കുക.<br>• .ക്ലബ്ബുകളുടെ നേതൃത്വത്തിലും ക്ലാസ് തലത്തി ലും അസംബ്ലിയിലും നന്നായി അവതരിപ്പിക്കു ന്നവരെ അംഗീകരിക്കുക.<br>• .ശാസ്ത്ര ദിനം ആചരിക്കുക.<br>• .ക്ലാസ് തലത്തിൽ ശുചിത്വ മത്സരംവ്യക്തി ശുചിത്വം, ക്ലാസ് പരിസരശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി വിലിയിരുത്തുന്നു.<br>• .പോസ്റ്റർ തയ്യാറാക്കൽ ശുചിത്വ ശീലങ്ങൾ അട ങ്ങിയ പോസ്റ്റർ സ്കൂൾ പരിസരങ്ങളിൽ പതി ക്കുന്നു. | ഒക്ടോബർ - ഡിസംബർ | ശാസ്ത്ര ക്ലബ്<br><br>ക്ലാസ് അധ്യാപകർ | | |